**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3900** **06-08-2021 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിൽ തഴക്കര കുടിവെള്ള പദ്ധതിക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാവേലിക്കര മണ്ഡലത്തിലെ തഴക്കര കുടിവെള്ളപദ്ധതിക്ക് 2019-20 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മാവേലിക്കര മണ്ഡലത്തിലെ തഴക്കര, ചെട്ടികുളങ്ങര പഞ്ചായത്തുകൾക്കും മാവേലിക്കര മുനിസിപ്പാലിറ്റിക്കും വേണ്ടി അച്ചൻകോവിൽ നദി സ്രോതസ്സാക്കികൊണ്ടുള്ള കിണർ, കേരള വാട്ടർ അതോറിറ്റി മാവേലിക്കര സബ് ഡിവിഷൻ ആഫീസ് കോംപൗണ്ടിൽ 35 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജല ശുദ്ധീകരണശാല, ഉന്നതതല ജല സംഭരണികൾ, വിതരണ ശൃംഖല എന്നിവ ഉൾപ്പെടെയുള്ള ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള 200 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ തഴക്കര പഞ്ചായത്തിനുള്ള എസ്റ്റിമേറ്റ് തുക 65 കോടി രൂപയും ചെട്ടികുളങ്ങര പഞ്ചായത്തിനുള്ള എസ്റ്റിമേറ്റ് തുക 67.7 കോടി രൂപയും DPR അംഗീകരിച്ച് പ്രവൃത്തികൾ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമ പഞ്ചായത്തുകൾ അംഗീകാരം നൽകിയിട്ടുണ്ട്. തഴക്കര പഞ്ചായത്തിന്റെ റെസല്യൂഷൻ തീയതി 26.07.2021 ആണ്. കൂടാതെ ഉന്നതതല ജല സംഭരണികൾക്കുള്ള സ്ഥലം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് തഴക്കര ഗ്രാമ പഞ്ചായത്തിനെയും സമീപിച്ചിട്ടുണ്ട്. ജില്ലാ ജല ശുചിത്വ മിഷന്റെ സ്കീം അംഗീകാരം തേടി സ്റ്റേറ്റ് ലെവൽ കമ്മറ്റിയിൽ ഈ രണ്ട് പദ്ധതി നിർദേശങ്ങളും ഭരണാനുമതിയ്ക്കായി സമർപ്പിക്കുന്നതിനുള്ള പ്രാരംഭ നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതിയുടെ കിണർ, ജലശുദ്ധീകരണശാല എന്നിവ ഉൾപ്പെടെയുള്ള ഉല്പാദന ഘടകങ്ങൾ മാവേലിക്കര മുനിസിപ്പാലിറ്റിയുടെ പദ്ധതി നിർദ്ദേശത്തിലാണ് |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തിയിരിക്കുന്നത്. നഗര ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുവാനായി പരിഗണിക്കുന്നതിനായി മാവേലിക്കര മുനിസിപ്പാലിറ്റിയുടെ 67.3 കോടി രൂപയുടെ പദ്ധതി നിർദ്ദേശം കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാവേലിക്കര മണ്ഡലത്തിലെ തഴക്കര കുടിവെള്ളപദ്ധതിക്ക് 2019-20 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മാവേലിക്കര മണ്ഡലത്തിലെ തഴക്കര, ചെട്ടികുളങ്ങര പഞ്ചായത്തുകൾക്കും മാവേലിക്കര മുനിസിപ്പാലിറ്റിക്കും വേണ്ടി അച്ചൻകോവിൽ നദി സ്രോതസ്സാക്കികൊണ്ടുള്ള കിണർ, കേരള വാട്ടർ അതോറിറ്റി മാവേലിക്കര സബ് ഡിവിഷൻ ആഫീസ് കോംപൗണ്ടിൽ 35 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജല ശുദ്ധീകരണശാല, ഉന്നതതല ജല സംഭരണികൾ, വിതരണ ശൃംഖല എന്നിവ ഉൾപ്പെടെയുള്ള ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള 200 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ തഴക്കര പഞ്ചായത്തിനുള്ള എസ്റ്റിമേറ്റ് തുക 65 കോടി രൂപയും ചെട്ടികുളങ്ങര പഞ്ചായത്തിനുള്ള എസ്റ്റിമേറ്റ് തുക 67.7 കോടി രൂപയും DPR അംഗീകരിച്ച് പ്രവൃത്തികൾ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമ പഞ്ചായത്തുകൾ അംഗീകാരം നൽകിയിട്ടുണ്ട്. തഴക്കര പഞ്ചായത്തിന്റെ റെസല്യൂഷൻ തീയതി 26.07.2021 ആണ്. കൂടാതെ ഉന്നതതല ജല സംഭരണികൾക്കുള്ള സ്ഥലം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് തഴക്കര ഗ്രാമ പഞ്ചായത്തിനെയും സമീപിച്ചിട്ടുണ്ട്. ജില്ലാ ജല ശുചിത്വ മിഷന്റെ സ്കീം അംഗീകാരം തേടി സ്റ്റേറ്റ് ലെവൽ കമ്മറ്റിയിൽ ഈ രണ്ട് പദ്ധതി നിർദേശങ്ങളും ഭരണാനുമതിയ്ക്കായി സമർപ്പിക്കുന്നതിനുള്ള പ്രാരംഭ നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതിയുടെ കിണർ, ജലശുദ്ധീകരണശാല എന്നിവ ഉൾപ്പെടെയുള്ള ഉല്പാദന ഘടകങ്ങൾ മാവേലിക്കര മുനിസിപ്പാലിറ്റിയുടെ പദ്ധതി നിർദ്ദേശത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. നഗര ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുവാനായി പരിഗണിക്കുന്നതിനായി മാവേലിക്കര മുനിസിപ്പാലിറ്റിയുടെ 67.3 കോടി രൂപയുടെ പദ്ധതി നിർദ്ദേശം കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. |
| | | | |

| | | | |
|---|---|---|---|
| (സി) | മാവേലിക്കര മണ്ഡലത്തിൽ കുറത്തിക്കാട് കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (സി) | വള്ളിക്കുന്നം , തെക്കേക്കര , ഭരണിക്കാവ് , കൃഷ്ണപുരം എന്നീ പഞ്ചായത്തുകൾക്കായി വിഭാവനം ചെയ്ത് 1993-ൽ ഭരണാനുമതി നൽകിയ ഭരണിക്കാവ് കുടിവെള്ള പദ്ധതിയുടെ ഒരു ഘടകമാണ് കുറത്തിക്കാട് ഉന്നതതല ജല സംഭരണി . ഈ പദ്ധതിയുടെ ഇൻടേക്കും, ജലശുദ്ധീകരണശാലയും മാവേലിക്കര പ്രായിക്കര എന്ന സ്ഥലത്താണ് . ഈ രണ്ട് ഘടകങ്ങളും, പമ്പിംഗ് മെയിൻ , കുറത്തിക്കാട് ഉന്നതതല സംഭരണി എന്നിവ ഏകദേശം 20 വർഷങ്ങൾക്കുമ്പ് തന്നെ പൂർത്തീകരിച്ചിട്ടുള്ളതാണ് . എന്നാൽ കല്ലുമലയിൽ റെയിൽവേ ക്രോസ് ചെയ്ത് പമ്പിംഗ് മെയിൻ സ്ഥാപിക്കുവാൻ റയിൽവെയുടെ അനുമതി നാളിതുവരെയും ലഭിച്ചിട്ടില്ല . റെയിൽവേ ഓവർ ബ്രിഡ്ജിനു സമാന്തരമായി പൈപ്പ് ബ്രിഡ്ജ് സ്ഥാപിച്ച് പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായി 2017-ൽ റെയിൽവേക്ക് അപേക്ഷ സമർപ്പിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ 27-04-2021-ൽ സംയുക്ത പരിശോധന പൂർത്തിയാക്കിയിട്ടുണ്ട് . 07.07.2021- ൽ സ്ഥലം എം.പി യും റെയിൽവേ ഡിവിഷണൽ മാനേജരുമായി നടത്തിയ യോഗത്തിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശം ലഭിച്ചതനുസ്സരിച്ച് റെയിൽവേയ്ക്ക് സമർപ്പിക്കുന്നതിനായി പൈപ്പ് ബ്രിഡ്ജിന്റെ രൂപകല്പനയും ഡ്രോയിങ്ങും തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് റെയിൽവേയുടെ അനുമതി ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | വള്ളിക്കുന്നം , തെക്കേക്കര , ഭരണിക്കാവ് , കൃഷ്ണപുരം എന്നീ പഞ്ചായത്തുകൾക്കായി വിഭാവനം ചെയ്ത് 1993-ൽ ഭരണാനുമതി നൽകിയ ഭരണിക്കാവ് കുടിവെള്ള പദ്ധതിയുടെ ഒരു ഘടകമാണ് കുറത്തിക്കാട് ഉന്നതതല ജല സംഭരണി . ഈ പദ്ധതിയുടെ ഇൻടേക്കും, ജലശുദ്ധീകരണശാലയും മാവേലിക്കര പ്രായിക്കര എന്ന സ്ഥലത്താണ് . ഈ രണ്ട് ഘടകങ്ങളും, പമ്പിംഗ് മെയിൻ , കുറത്തിക്കാട് ഉന്നതതല സംഭരണി എന്നിവ ഏകദേശം 20 വർഷങ്ങൾക്കുമ്പ് തന്നെ പൂർത്തീകരിച്ചിട്ടുള്ളതാണ് . എന്നാൽ കല്ലുമലയിൽ റെയിൽവേ ക്രോസ് ചെയ്ത് പമ്പിംഗ് മെയിൻ സ്ഥാപിക്കുവാൻ റയിൽവെയുടെ അനുമതി നാളിതുവരെയും ലഭിച്ചിട്ടില്ല . റെയിൽവേ ഓവർ ബ്രിഡ്ജിനു സമാന്തരമായി പൈപ്പ് ബ്രിഡ്ജ് സ്ഥാപിച്ച് പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായി 2017-ൽ റെയിൽവേക്ക് അപേക്ഷ സമർപ്പിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ 27-04-2021-ൽ സംയുക്ത പരിശോധന പൂർത്തിയാക്കിയിട്ടുണ്ട് . 07.07.2021- ൽ സ്ഥലം എം.പി യും റെയിൽവേ ഡിവിഷണൽ |

| | | | |
|---|---|---|---|
| | | | മാനേജരുമായി നടത്തിയ യോഗത്തിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശം ലഭിച്ചതനുസ്സരിച്ച് റെയിൽവേയ്ക്ക് സമർപ്പിക്കുന്നതിനായി പൈപ്പ് ബ്രിഡ്ജിന്റെ രൂപകല്പനയും ഡ്രോയിങ്ങും തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. |
| (ഇ) | പ്രസ്തുത പദ്ധതി അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഇ) | വള്ളിക്കുന്നം , തെക്കേക്കര , ഭരണിക്കാവ് , കൃഷ്ണപുരം എന്നീ പഞ്ചായത്തുകൾക്കായി വിഭാവനം ചെയ്ത് 1993-ൽ ഭരണാനുമതി നൽകിയ ഭരണിക്കാവ് കുടിവെള്ള പദ്ധതിയുടെ ഒരു ഘടകമാണ് കുറത്തിക്കാട് ഉന്നതതല ജല സംഭരണി . ഈ പദ്ധതിയുടെ ഇൻടേക്കും, ജലശുദ്ധീകരണശാലയും മാവേലിക്കര പ്രായിക്കര എന്ന സ്ഥലത്താണ് . ഈ രണ്ട് ഘടകങ്ങളും, പമ്പിംഗ് മെയിൻ , കുറത്തിക്കാട് ഉന്നതതല സംഭരണി എന്നിവ ഏകദേശം 20 വർഷങ്ങൾക്കുമുമ്പ് തന്നെ പൂർത്തീകരിച്ചിട്ടുള്ളതാണ് . എന്നാൽ കല്ലുമലയിൽ റെയിൽവേ ക്രോസ് ചെയ്ത് പമ്പിംഗ് മെയിൻ സ്ഥാപിക്കുവാൻ റയിൽവെയുടെ അനുമതി നാളിതുവരെയും ലഭിച്ചിട്ടില്ല . റെയിൽവേ ഓവർ ബ്രിഡ്ജിനു സമാന്തരമായി പൈപ്പ് ബ്രിഡ്ജ് സ്ഥാപിച്ച് പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായി 2017-ൽ റെയിൽവേക്ക് അപേക്ഷ സമർപ്പിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ 27-04-2021-ൽ സംയുക്ത പരിശോധന പൂർത്തിയാക്കിയിട്ടുണ്ട് . 07.07.2021- ൽ സ്ഥലം എം.പി യും റെയിൽവേ ഡിവിഷണൽ മാനേജരുമായി നടത്തിയ യോഗത്തിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശം ലഭിച്ചതനുസ്സരിച്ച് റെയിൽവേയ്ക്ക് സമർപ്പിക്കുന്നതിനായി പൈപ്പ് ബ്രിഡ്ജിന്റെ രൂപകല്പനയും ഡ്രോയിങ്ങും തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ